**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **10-06-2021 - ൽ മറുപടിയ്ക്ക്**

**അധ്യാപകരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരുടെയും മറ്റ് അധ്യാപകരുടെയും ഒഴിവുകൾ നികത്തപ്പെട്ടിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രൈമറി പ്രധമാധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രധമാധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | അധ്യാപക നിയമനം നടക്കാത്തതുമൂലം ഓൺലൈൻ പഠനപ്രവർത്തനങ്ങൾ മുടങ്ങുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസുകൾ അധ്യാപക നിയമനം നടക്കാത്തതു മൂലം മുടങ്ങിയിട്ടില്ല. ഓൺലൈൻ ക്ലാസ്സുകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് വരുന്നു. |
| (സി) | പ്രധാന അധ്യാപകർ വിരമിച്ച ഒഴിവുകൾ നികത്തുവാനും ഭരണപരമായ പ്രതിസന്ധികൾ പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പ്രൈമറി പ്രഥമാധ്യാപക ഒഴിവുകൾ നികത്തുന്നതിന് തടസ്സമായി കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ അടിയന്തിരമായി നീക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രഥമാധ്യാപക ഒഴിവുകൾ നിലവിലുള്ള എൽ.പി./ യു.പി സ്കൂളുകളിൽ ഭരണപരമായ പ്രതിസന്ധികൾ ഒഴിവാക്കുന്നതിനായി സീനിയർ അദ്ധ്യാപകന് പ്രഥമാധ്യാപകന്റെ ചാർജ്ജ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ